**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1676** | **01-11-2019 ലെ മറുപടിയ്ക്ക്**

## തീരദേശ പരിപാലന നിയമലംഘനം

**ശ്രീ. പി.കെ. ബഷീർ :**

**ശ്രീ. എ.സി. മൊയ്തീൻ**
(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി)

### ചോദ്യം

(എ) തീരദേശ പരിപാലന നിയമം ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ മരട് എന്ന സ്ഥലത്ത് നാല് ഫ്ലാറ്റുകൾ പൊളിച്ച് നീക്കണമെന്ന് സുപ്രീംകോടതി ഉത്തരവിട്ടിരുന്നോ; വ്യക്തമാക്കുമോ; അതിന്റെ തുടർനടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

### മറുപടി

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 08.05.2019-ലെ സിവിൾ അപ്പീൽ 4784-4785/2019- ൻ മേലുള്ള (Arising out of SLPC No.4227-4228/2016) വിധിന്യായം പ്രകാരം മരട് നഗരസഭാ പരിധിയിലെ ആൽഫാ വെൻചെഴ്സ്, ജയിൻ ഹൗസിംഗ്, ഗോൾഡൻ കായലോരം, ഹോളിഫെയ്ത്ത് (H2O), ഹോളിഡേ ഹെറിറ്റേജ് എന്നീ ഫ്ളാറ്റുകൾ പൊളിച്ച് നീക്കം ചെയ്യുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊളിച്ച് നീക്കം ചെയ്യേണ്ട നിർദ്ദിഷ്ട ഫ്ളാറ്റുകളിലെ അന്തേവാസികളെ ഒഴിപ്പിക്കുകയും, ടി ഫ്ളാറ്റുകൾ പൊളിക്കുന്നതിന് വൈദഗ്ധ്യമുള്ള ഏജൻസിയിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുകയും ചെയ്തു. താൽപര്യ പത്രം സമർപ്പിച്ച 15 ഏജൻസികളിൽ നിന്ന് വിദഗ്ധരായ 2 ഏജൻസികളായ M/s. Edifice Engineering, M/s Vijay Steels എന്നിവരെ 05.10.2019- ലെ G.O.(Rt) No.2193/2019/LSGD, 09.10.2019 ലെ G.O.(Rt) No.2211/2019/LSGD എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി തിരഞ്ഞെടുക്കുകയും 15-10-2019 ൽ ടി ഏജൻസികൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളതും 23-10-2019 – ൽ നിയമാനുസൃതം കരാറിൽ

ഏർപ്പെട്ടവർക്ക് ഓർഡർ നൽകി-യിട്ടുള്ളതുമാണ്. ബഹു.സുപ്രീം കോടതിയുടെ 08-09-2019–ലെ ഉത്തരവിൽ പരാമർശിച്ചതിൻ പ്രകാരം ടി ഫ്ളാറ്റുകളുടെ ഉടമകൾക്ക് നഷ്ട പരിഹാരം അനുവദിക്കുന്നതിലേക്കായി നിയോഗിക്കപ്പെട്ട ജസ്റ്റീസ് കെ.ബാലകൃഷ്ണൻ നായർ (Rtd) കമ്മിറ്റി മുമ്പാകെ നിലവിൽ 246 അപേക്ഷകൾ ലഭ്യമായിട്ടുള്ളതും, ആയതിൽ 23.10.2019 വരെ 157 പേർക്ക് നഷ്ട പരിഹാരം നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മിച്ച ഫ്ലാറ്റുകൾ, മറ്റ് നിർമ്മിതികൾ എന്നിവയുടെ കണക്കെടുത്ത് കൃത്യമായ വിവരം നൽകണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ കണക്കെടുപ്പ് പൂർത്തിയായോ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) നിർദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായിട്ടില്ല

(സി) എറണാകുളം ജില്ലയിലെ മരടിലും മറ്റ് ജില്ലകളിലും തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മാണം നടത്തുന്നതിന് വഴിവിട്ട് അനുമതി നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(സി) ഇതു സംബന്ധിച്ച് ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ